"ഭരണഭാഷ - മാതൃഭാഷ"

നം:- **DGE/5043/2026-H2** പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : **17-04-2026**

## സർക്കുലർ

വിഷയം:-പൊതുവിദ്യാഭ്യാസം -സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ **2015-16** വർഷം മുതൽ **2021-22** വർഷം വരെ (**31.03.2022** വരെ) വ്യവസ്ഥാപിത അധിക / റഗുലർ തസ്തികകളിൽ (രാജി , മരണം, വിരമിക്കൽ,സ്ഥാനക്കയറ്റം , സ്ഥലംമാറ്റം എന്നിവ പ്രകാരമുള്ള) തസ്തികകളിൽ ശമ്പള സ്കെയിലിൽ നിയമനാംഗീകാരം ലഭിച്ച അധ്യാപക - അനധ്യാപക ജീവനക്കാർക്ക് സംരക്ഷണം അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന:- **1. 15.03.2026** ലെ സ.ഉ.(കൈ) നം. **79/2026**/പൊ.വി.വ
**2.** റിട്ട് അപ്പീൽ നം. **2032/2018** ലെ ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ **12.03.2019** ലെ വിധിന്യായം
**3.** റിട്ട് അപ്പീൽ നം. **117/2020** ലെ ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ **29.05.2020** ലെ വിധിന്യായം

---

സൂചന (1) പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ **2015-16** വർഷം മുതൽ **2021-22** വർഷം വരെ (**31.03.2022** വരെ) വ്യവസ്ഥാപിത അധിക / റഗുലർ തസ്തികകളിൽ (രാജി , മരണം, വിരമിക്കൽ,സ്ഥാനക്കയറ്റം, സ്ഥലംമാറ്റം എന്നിവ പ്രകാരമുള്ള) തസ്തികകളിൽ ശമ്പള സ്കെയിലിൽ നിയമനാംഗീകാരം ലഭിച്ച അധ്യാപക -അനധ്യാപക ജീവനക്കാർക്ക് **15.03.2026** തീയതി പ്രാബല്യത്തിൽ സംരക്ഷണാനുകൂല്യത്തിന് അർഹതയുണ്ട് എന്ന് ഉത്തരവായിട്ടുണ്ട് . പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു :

1. **2015-16** വർഷം മുതൽ **2021-22** വർഷം വരെ (**31.03.2022** വരെ) വ്യവസ്ഥാപിത അധിക / റഗുലർ തസ്തികകളിൽ (രാജി , മരണം, വിരമിക്കൽ,സ്ഥാനക്കയറ്റം , സ്ഥലംമാറ്റം എന്നിവ പ്രകാരമുള്ള) തസ്തികകളിൽ ശമ്പള സ്കെയിലിൽ നിയമനാംഗീകാരം ലഭിച്ച അധ്യാപകർക്കും

അനധ്യാപകർക്കും സംരക്ഷണാനുകൂല്യം അനുവദിച്ചിട്ടുണ്ട് . മേൽ പറഞ്ഞ കാലയളവിൽ നിയമനാംഗീകാരം നേടിയ ശേഷം തസ്തിക നഷ്ടപ്പെട്ട് പുറത്തായ അധ്യാപകർക്കും അനധ്യാപകർക്കും സംരക്ഷണാനുകൂല്യം ലഭിക്കുന്നതും അവരെ അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി പൊതുവിദ്യാഭ്യാസ ഡയറക്ടർ നടപടിക്രമം പുറപ്പെടുവിക്കുന്ന മുറയ്ക്ക് അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർ പുനർവിന്യസിക്കേണ്ടതുമാണ്.

2. **01.04.2022 മുതലുള്ള നേരിട്ടുള്ള നിയമനങ്ങൾക്കോ സ്ഥാനക്കയറ്റ നിയമങ്ങൾക്കോ സംരക്ഷണാനുകൂല്യം ലഭിക്കുന്നതല്ല.**
3. നേരിട്ട് നിയമനം ലഭിച്ച അധ്യാപക - അനധ്യാപകർ തസ്തിക നഷ്ടപ്പെട്ട് പുറത്ത് പോയ ശേഷം മാതൃ സ്കൂളിലോ മാനേജ്മെന്റിലോ ഉയർന്നതോ താഴ്ന്നതോ സമാനമോ ആയ ഏതെങ്കിലും തസ്തികയിൽ പുനർനിയമനം ലഭിച്ചിട്ടുണ്ടെങ്കിൽ അവർ പ്രസ്തുത തസ്തികയിൽ തന്നെ മാതൃ സ്കൂളിലോ മാനേജ്മെന്റിലോ തുടരുന്നതാണ്. പുറത്ത് നിൽക്കുന്നവരെ മാത്രമാണ് ഇപ്പോൾ അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തുന്നതിനായി പരിഗണിക്കേണ്ടത്. തസ്തിക നഷ്ടപ്പെട്ടു പുറത്തായി തിരികെ അവധി ഒഴിവിൽ സ്കൂളിൽ തുടരുന്നവരുടെ കാര്യത്തിൽ അവരുടെ അവധി ഒഴിവ് അവസാനിക്കുന്നതിന് മുൻപ് മറ്റ് റെഗുലർ ഒഴിവിലേക്ക് ഒന്നും ആഗീരണം ചെയ്യാത്ത പക്ഷം മാത്രം അവരെ അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തേണ്ടതാണ്.
4. **31.03.2022** വരെ വ്യവസ്ഥാപിത അധിക / റഗുലർ തസ്തികകളിൽ (രാജി, മരണം, വിരമിക്കൽ, സ്ഥാനക്കയറ്റം, സ്ഥലംമാറ്റം എന്നിവ പ്രകാരമുള്ള) ശമ്പള സ്കെയിലിൽ നിയമനാംഗീകാരം ലഭിക്കുകയും അവർക്ക് 31.03.2022 നു ശേഷം ചട്ടപ്രകാരമുള്ള സ്ഥാനക്കയറ്റം നേടുകയും പിന്നീട് പ്രസ്തുത സ്ഥാനക്കയറ്റം ലഭിച്ച ഉയർന്ന തസ്തികയിൽ നിന്നും തസ്തിക നഷ്ടപ്പെട്ട് പുറത്തായാൽ സൂചന (2),(3) എന്നിവയുടെ അടിസ്ഥാനത്തിൽ **അവർക്ക് ഉയർന്ന തസ്തികയിൽ സംരക്ഷണാവകാശം ലഭിക്കുന്നതല്ല.** 31.03.2022-നു ശേഷം സ്ഥാനക്കയറ്റം ലഭിച്ച് പിന്നീട് തസ്തിക നഷ്ടപ്പെട്ട് നിലവിൽ താഴ്ന്ന തസ്തികയിലേക്ക് റിവർട്ട് ചെയ്ത് തുടരുന്നവർ അപ്രകാരം തന്നെ തുടരേണ്ടതാണ്.

5. **15.03.2026** തീയതി പ്രാബല്യത്തിൽ മാത്രമാണ് മേൽപ്രകാരമുള്ള അധ്യാപകർക്കും അനധ്യാപകർക്കും സംരക്ഷണാനുകൂല്യം ലഭിക്കുന്നത്. തസ്തിക നഷ്ടപെട്ട തീയതി മുതൽ അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി പുനർവിന്യാസം നടത്തുന്നത് വരെയുള്ള കാലയളവ് നോൺ ഡ്യൂട്ടി ആയി ക്രമീകരിക്കുന്നതാണ്. ഈ കാലയളവിൽ മറ്റ് വിധത്തിലുള്ള യാതൊരുവിധ അവകാശങ്ങൾക്കും, സാമ്പത്തിക / സർവീസ് ആനുകൂല്യങ്ങൾക്കും ടി ജീവനക്കാർക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.
6. സംരക്ഷണാനുകൂല്യം ലഭിക്കുന്നതിനായി അർഹതയുള്ള, ഇപ്പോൾ പുറത്ത് നിൽക്കുന്ന അധ്യാപകരും അനധ്യാപകരും **200** രൂപയുടെ സ്റ്റാമ്പ് പേപ്പറിൽ പ്രിന്റ് ചെയ്ത് നോട്ടറി അറ്റസ്റ്റ് ചെയ്ത സത്യവാങ്മൂലം മാതൃ സ്കൂളിലെ ഹെഡ്മാസ്റ്റർക്ക് നൽകേണ്ടതും, ജീവനക്കാരുടെ സത്യവാങ്മൂലം , ജീവനക്കാരന്റെ സേവനപുസ്തകം എന്നിവ ഉൾപ്പടെ സംരക്ഷണാനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ക്ക് **2026 മെയ് 7** നു മുൻപ് സമർപ്പിക്കേണ്ടതാണ് സംരക്ഷണാനുകൂല്യത്തിന് അർഹതയുള്ള ജീവനക്കാർ നൽകേണ്ട സത്യവാങ്മൂലത്തിന്റെ ഒരു മാതൃക ഇതോടൊപ്പം നൽകുന്നു .
7. ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ രേഖകളുടെയും (*തസ്തിക നിർണയ ഉത്തരവുകൾ, സേവനപുസ്തകം , സ്പാർക്ക് തുടങ്ങിയവ*) ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ഓരോ ജീവനക്കാരന്റെയും സത്യവാങ്മൂലം സൂക്ഷ്മമായി പരിശോധിച്ച്, ടി ജീവനക്കാരന് സംരക്ഷണാവകാശം ഉണ്ടെന്ന് ഉറപ്പ് വരുത്തിയാൽ , " *രേഖകൾ പരിശോധിച്ചത് പ്രകാരം പ്രസ്തുത ജീവനക്കാരന് സംരക്ഷണാവകാശം ഉണ്ട് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്* " എന്നൊരു സർട്ടിഫിക്കറ്റ് സഹിതം ജീവനക്കാരന്റെ സത്യവാങ്മൂലം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്.
8. സംരക്ഷണാവകാശത്തിന് അർഹതയുള്ള ജീവനക്കാരുടെ പെൻ നമ്പർ , പേര് , തസ്തിക , സ്കൂളിന്റെ പേര് ,ജനന തീയതി , ആദ്യ നിയമന തീയതി , തസ്തിക നഷ്ടപ്പെട്ടപ്പോൾ ജോലി ചെയ്തിരുന്ന തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി , തസ്തിക നഷ്ടപ്പെട്ട തീയതി , യോഗ്യത എന്നിവ

ഉൾപ്പെടുത്തിയ ഒരു ലിസ്റ്റ് സഹിതമാണ് ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ വിവരങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടത്. **2026 മെയ് 14** നു മുൻപ് എല്ലാ ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും വിവരങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ് .

9. വിദ്യാഭ്യാസ ഓഫീസർമാർ സമർപ്പിക്കുന്ന ജീവനക്കാരുടെ സത്യവാങ്മൂലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ ഫയൽ ചെയ്ത് സൂക്ഷിക്കേണ്ടതും , വിദ്യാഭ്യാസ ഓഫീസർമാർ സമർപ്പിക്കുന്ന ലിസ്റ്റ് പ്രകാരം സംരക്ഷണം അനുവദിക്കാവുന്ന ജീവനക്കാരുടെ വിവരങ്ങൾ കൺസോളിഡേറ്റ് ചെയ്ത് ജീവനക്കാരുടെ പെൻ നമ്പർ , പേര് , തസ്തിക , സ്കൂളിന്റെ പേര് , വിദ്യാഭ്യാസ ജില്ലാ /ഉപജില്ലാ, ജനന തീയതി , ആദ്യ നിയമന തീയതി , തസ്തിക നഷ്ടപ്പെട്ടപ്പോൾ ജോലി ചെയ്തിരുന്ന തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി , തസ്തിക നഷ്ടപ്പെട്ട തീയതി , യോഗ്യത എന്നിവ ഉൾപ്പെടുത്തിയ ലിസ്റ്റ് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് **2026 മെയ് 21** നു മുൻപ് എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും നൽകേണ്ടതാണ്. ഈ തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തുന്നതിന് പരിഗണിക്കുന്നതല്ല.

10. **31.03.2022 വരെ വ്യവസ്ഥാപിത അധിക / റഗുലർ തസ്തികകളിൽ (രാജി, മരണം, വിരമിക്കൽ, സ്ഥാനക്കയറ്റം , സ്ഥലംമാറ്റം എന്നിവ പ്രകാരമുള്ള) തസ്തികകളിൽ ശമ്പള സ്കെയിലിൽ നിയമനാംഗീകാരം ലഭിച്ചതിന് ശേഷം 2026-27 വർഷം മുതൽ തസ്തിക നഷ്ടപ്പെടുന്നവർക്കും സംരക്ഷണാനുകൂല്യം ലഭിക്കുന്നതിനായി ഈ സർക്കുലറിലെ നിർദ്ദേശങ്ങളും ഇതോടൊപ്പമുള്ള സത്യപ്രസ്താവനയും ബാധകമായിരിക്കും. 2026-27 വർഷം മുതൽ തസ്തിക നഷ്ടപ്പെടുന്ന സംരക്ഷണാനുകൂല്യമുള്ള അധ്യാപകരെയും അനധ്യാപകരെയും അതാത് വിദ്യാഭ്യാസ ഉപഡയറക്ടർ തന്നെ അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി അതാത് സമയം സർക്കാർ / ഡയറ്കടർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്ക് അനുസൃതമായി പുനർവിന്യസിക്കണം.**

11. **31.03.2022** നു മുൻപ് നിയമിക്കപ്പെട്ട് ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് പ്രൊവിഷണലായും ദിവസവേതനടിസ്ഥാനത്തിലും മാത്രം അംഗീകാരം ലഭിച്ച് **15.03.2026** നു ശേഷവും തുടരുന്നവർക്ക് അവരുടെ

നിയമനം ക്രമീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതൽ മാത്രമേ സംരക്ഷണാനുകൂല്യത്തിന് അർഹതയുണ്ടാവുകയുള്ളു എന്ന് സർക്കാർ സൂചന (1) പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ **15.03.2026** നു ശേഷം നിയമനം ക്രമീകരിക്കപ്പെട്ട് ഉത്തരവ് ലഭിച്ചവർ പുനർവിന്യസിക്കേണ്ടവരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ, അവരുടെ നിയമനം ക്രമീകരിച്ച് ഉത്തരവ് നൽകിയ തീയതി റിമാർക്സ് ആയി പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

12. ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട് **1385/2025 &** സിവിൽ അപ്പീലുകളിൽ ബഹു. സുപ്രീം കോടതി **01.09.2025** തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, കെ.ടെറ്റ് ഇല്ലാതെ അംഗീകാരത്തോടെ സർവീസിൽ തുടരുന്ന അധ്യാപകരുടെ കാര്യത്തിൽ സർക്കാർ എടുക്കുന്ന തീരുമാനങ്ങൾ സംരക്ഷണ ആനുകൂല്യം നൽകി പുനർവിന്യസിക്കുന്ന അധ്യാപകരുടെ കാര്യത്തിലും ബാധകമായിരിക്കും.
13. കെ . ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട **18.02.2026** തീയതിയിലെ സ.ഉ **(കൈ) 30/2026/**പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം താൽക്കാലിക അടിസ്ഥാനത്തിൽ മാത്രം നിയമനാംഗീകാരം ലഭിച്ചവർക്ക് സംരക്ഷണാനുകൂല്യം ലഭിക്കുന്നതല്ല.
14. കെ . ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട **15.03.2026** തീയതിയിലെ സ.ഉ **(കൈ) 80/2026/**പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം താൽക്കാലിക അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റ നിയമനത്തിൽ അംഗീകാരം ലഭിക്കുന്നവർക്ക് **(31.03.2022** നു മുൻപുള്ള സ്ഥാനക്കയറ്റം ആയാലും**)** സ്ഥാനക്കയറ്റം ലഭിക്കുന്ന തസ്തികയിൽ സംരക്ഷണാനുകൂല്യം നിലവിൽ ലഭിക്കുന്നതല്ല.
15. പുനർവിന്യസിക്കുന്ന ജീവനക്കാരന്റെ തസ്തികയിൽ അവരുടെ മാനേജ്മെന്റിൽ ഭാവിയിൽ ഉണ്ടാകുന്ന ആദ്യത്തെ ഒഴിവിൽ ടി ജീവനക്കാരനെ ചട്ട പ്രകാരം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ അനുമതിയോടെ മാനേജർ മാറ്റി ക്രമീകരിക്കേണ്ടതാണ്.
16. സൂചന (1) ലെ സർക്കാർ ഉത്തരവിന്റെ പകർപ്പും, ഈ സർക്കുലറും , ഇതോടൊപ്പമുള്ള സത്യവാങ്മൂലത്തിന്റെ മാതൃകയും സംരക്ഷണാനുകൂല്യം

ലഭിക്കാൻ അർഹതയുള്ള എല്ലാ അധ്യാപക - അനധ്യാപകർക്കും മാനേജർ / സ്കൂൾ ഹെഡ്മാസ്റ്റർ മുഖേന നൽകേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

Digitally signed by
Asif K Yusuf
Date: 17-04-2026
16:16:37

<u>സ്വീകർത്താവ് :</u>

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ /ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ എയ്ഡഡ് സ്കൂൾ മാനേജർമാർക്കും (വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)
4. എല്ലാ എയ്ഡഡ് സ്കൂൾ ഹെഡ്മാസ്റ്റർമാർക്കും (വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)
5. ബന്ധപ്പെട്ട അധ്യാപകർ /അനധ്യാപകർ (ഹെഡ്മാസ്റ്റർമാർ മുഖേന)
6. ഇ, എഫ്, ജി, ഇറ്റി, ഇഎം, ഇസി, ആർഎ സെക്ഷൻ സൂപ്രണ്ടുമാർ
7. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കൈറ്റ് (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ സർക്കുലർ പ്രസിദ്ധികരിക്കേണ്ടതാണ്)

<u>സത്യവാങ്മൂലം</u>

<u>(**15.03.2026** ലെ സ.ഉ.(കൈ) നം. **79/2026**/പൊ .വി.വ പ്രകാരം)</u>

<u>സംരക്ഷണ ആനുകൂല്യം</u>

.................................................................................................മാനേജ്മെന്റിൽ ................................................................................ സ്കൂളിൽ .....................................തസ്തികയിൽ ..............................തീയതി (റഗുലർ / അധിക തസ്തികയിൽ ആദ്യ നിയമനം ലഭിച്ച തീയതി) മുതൽ ....................................................... ഒഴിവിൽ ഞാൻ ജോലിയിൽ പ്രവേശിച്ചു. .......................................................സ്കൂളിൽ ........................................... തസ്തികയിൽ ജോലി ചെയ്ത് വരവേ എന്റെ തസ്തിക ........................വർഷത്തെ തസ്തിക നിർണയത്തിൽ ................................ തീയതി മുതൽ നഷ്ടപ്പെടുകയും ചെയ്തു.

**15.03.2026** ലെ സ.ഉ.(കൈ) നം. **79/2026**/പൊ .വി.വ പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ **2015-16** വർഷം മുതൽ **2021-22** **(31.03.2022** വരെ) വർഷം വരെ വ്യവസ്ഥാപിത അധിക / റഗുലർ തസ്തികകളിൽ (രാജി , മരണം, വിരമിക്കൽ, സ്ഥാനക്കയറ്റം , സ്ഥലംമാറ്റം എന്നിവ പ്രകാരമുള്ള) തസ്തികകളിൽ ശമ്പള സ്കെയിലിൽ നിയമനാംഗീകാരം ലഭിച്ച അധ്യാപക -അനധ്യാപക ജീവനക്കാർക്ക് **15.03.2026** തീയതി പ്രാബല്യത്തിൽ സംരക്ഷണാനുകൂല്യത്തിന് അർഹതയുണ്ട് എന്ന് ഉത്തരവായിട്ടുണ്ട് . ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ......................... തസ്തികയിൽ സംരക്ഷണാനുകൂല്യം അനുവദിച്ചുകൊണ്ട് എന്നെ പുനർ വിന്യസിക്കുന്നതിനു സമ്മതമാണെന്ന് ഞാൻ അറിയിച്ചുകൊള്ളുന്നു.

1. **15.03.2026** തീയതി പ്രാബല്യത്തിൽ മാത്രമാണ് എനിക്ക് സംരക്ഷണാനുകൂല്യത്തിന് അർഹത ലഭിക്കുന്നതെന്നും തസ്തിക നഷ്ടപെട്ട തീയതി മുതൽ അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി പുനർവിന്യാസം നടത്തുന്നത് വരെയുള്ള കാലയളവ് നോൺ ഡ്യൂട്ടി ആയിരിക്കുമെന്നും , ഈ കാലയളവിൽ മറ്റ് വിധത്തിലുള്ള യാതൊരുവിധ അവകാശങ്ങൾക്കും, സാമ്പത്തിക / സർവീസ് ആനുകൂല്യങ്ങൾക്കും അവകാശവാദം ഉന്നയിക്കുകയില്ല എന്നും ഞാൻ സത്യപ്രസ്താവന ചെയ്യുന്നു.
2. കെ.ഇ.ആർ അധ്യായം **21** ചട്ടം **7(1)**, **7(2)**, **7(3a)**, **7 (3b)**, **7(4)**, **7(8)** പ്രകാരമുള്ള ഒഴിവുകളിൽ സ്ഥിര പുനർവിന്യാസം നൽകി എന്നെ നിയമിക്കുന്നതിന് സമ്മതമാണെന്ന് ഞാൻ അറിയിച്ചുകൊള്ളുന്നു.
3. തസ്തിക നഷ്ടപ്പെട്ട തീയതിക്ക് ശേഷം എന്റെ മാതൃ സ്കൂളിലോ മാനേജ്മെന്റിലോ വന്ന ഒഴിവിലേക്ക് മാനേജർ എനിക്ക് നിയമന ഉത്തരവ്

നൽകിയതിന് ശേഷം ഞാൻ ആയത് സ്വീകരിക്കാതെയിരിക്കുകയോ, ഏതെങ്കിലും തസ്തികയിൽ ഞാൻ ജോലിയിൽ പ്രവേശിക്കുകയോ ചെയ്തിട്ടില്ല എന്ന് ഞാൻ സത്യപ്രസ്താവന ചെയ്യുന്നു.

4. മാതൃ സ്കൂളിൽ തസ്തിക നഷ്ടപെട്ടതിനു ശേഷം മാതൃ മാനേജ്മെന്റിൽ അല്ലാതെ മറ്റേതെങ്കിലും ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെങ്കിൽ , പുനർവിന്യാസം ലഭിക്കുന്നത് മുതൽ പ്രസ്തുത ജോലിയിൽ തുടരുന്നതല്ല എന്ന് ഞാൻ സത്യപ്രസ്താവന ചെയ്യുന്നു.
5. എന്റെ സീനിയോറിറ്റി നിശ്ചയിക്കുന്നത് ബന്ധപ്പെട്ട കെ.ഇ.ആർ ചട്ടങ്ങൾ / സംരക്ഷണാനുകൂല്യ ഉത്തരവുകൾ / സംരക്ഷിതാധ്യാപകർക്ക് സീനിയോറിറ്റി നിശ്ചയിക്കുന്നത് പ്രകാരം ആയിരിക്കും എന്ന ബോധ്യം എനിക്ക് ഉണ്ടെന്നു ഞാൻ സത്യപ്രസ്താവന ചെയ്യുന്നു.
6. ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട് **1385/2025 &** സിവിൽ അപ്പീലുകളിൽ ബഹു. സുപ്രീം കോടതി **01.09.2025** തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, കെ.ടെറ്റ് ഇല്ലാതെ അംഗീകാരത്തോടെ സർവീസിൽ തുടരുന്ന അധ്യാപകരുടെ കാര്യത്തിൽ സർക്കാർ എടുക്കുന്ന തീരുമാനങ്ങൾ എനിക്കും ബാധകമാണ് എന്നതിൽ ഞാൻ ബോദ്ധ്യവാനാണ് എന്ന വിവരം സമ്മതിച്ചുകൊള്ളുന്നു.
7. പുനർ വിന്യാസം ലഭിച്ചതിന് ശേഷം നിലവിലെ ഉത്തരവുകൾക്കോ, ചട്ടങ്ങൾക്കോ, ഈ ബോണ്ടിലെ വ്യവസ്ഥകൾക്കോ വിരുദ്ധമായി എന്റെ ഭാഗത്തുനിന്നും എന്തെങ്കിലും പ്രവർത്തികളുണ്ടായാൽ എനിക്ക് ലഭിച്ചിട്ടുള്ള സംരക്ഷണാനുകൂല്യം റദ്ദാവുന്നതാണെന്ന വസ്തുത ഞാൻ സമ്മതിച്ചുകൊള്ളുന്നു.

തീയതി ഒപ്പ് ,പേര് , തസ്തിക ,സ്കൂളിന്റെ പേര്

സ്ഥലം